
St.Joseph's HS Pullurampara

# കുഞ്ഞുപട്ടങ്ങളുടെ

# ഇ-വസന്തം

*Little Kites19-21*





# ST.JOSEPH'S HSS
# PULLURAMPARA
# KOZIKODE



Our web site: http://corporateschoolstsy.org/

Our schoolwiki:

https://schoolwiki.in/സെന്റ്_ജോസഫ്_സ്_എച്ച്._എസ്സ്._എസ്സ്.പുല്ലൂരാംപാറ

## VISION

The vision of our school is to prepare citizens who are well aware of their social responsibility to work for building a prosperous nation .

## MISSION

1. To shower love on all especially to the children entrusted to our care.
2. To dedicate ourselves to foster individuals spiritually ,physically and intellectually so that they may have a mature vision of life.
3. To inspire students to live up to their full social commitment .

## Goals

1. To inculcate gospel values of love,truth and justice.
2. To impart education especially to the girl child , the poor and the marginalized.
3. To provide equality education to stand for quality all its aspects.
4. to train the children for good family life social life

# St.JOSEPH

## Our Heavenly Patron



# ആശംസ

## Our Corporate Manager
## ഫാ.സെബാസ്റ്റ്യൻ പുരയിടത്തിൽ




ആധുനിക സാങ്കേതികവിദ്യ വിപ്ലവകരമായ മാറ്റങ്ങളാണ് ശാസ്ത്രലോകത്തിനും ഒപ്പം സമകാലിക സാഹിത്യ സൃഷ്ടികൾക്കും സമ്മാനിച്ചിരിക്കുന്നത്. ലോകം ഡിജിറ്റൽ യുഗത്തിലേക്ക് പറന്നുയരുമ്പോൾ പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്കൂൾ 'സർഗ്ഗസ്പർശം' എന്ന ഡിജിറ്റൽ മാസികയ്ക്ക് രൂപകല്പന നൽകുന്നുവെന്നത് ഏറെ സ്വാഗതാർഹമാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ ഉൾക്കൊണ്ട് കാലികപ്രാധാന്യമുള്ള സങ്കേതങ്ങളിലൂടെ പുതുതലമുറയിലേക്ക് കൈമാറുന്ന ഈ ഡിജിറ്റൽ മാസിക സാധാരണക്കാരന്റെ പൊതു വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും വിശാലമായ ലോകത്തിന്റെ ചക്രവാളങ്ങളിലേക്ക് ചിറകടിച്ചുയരാൻ സാധ്യതകൾ ഒരുക്കുകയാണ്. ഈ നവ സംരംഭത്തിന് എല്ലാ വിജയങ്ങളും നേരുന്നു.

Corporate Manager

FR. SEBASTIAN PURAYIDATHIL
CORPORATE MANAGER
CORPORATE EDL AGENCY
DIOCESE OF THAMARASSERY

# ആശംസ

# Our Manager
# Rev.Fr.Thomas Poriath



പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്ക്കൂളിലെ കുട്ടികളുടെ
സൃഷ്ടിയിലൂടെ കടന്നുപോയത് ഏറെ അത്ഭുതത്തോടെയാണ്.
കുഞ്ഞുങ്ങളുടെ കഴിവും മിഴിവും അതിൽ ഞാൻ പ്രകടമായി കണ്ടു. ആശയസംപുഷ്ടമായ
ലേഖനങ്ങളും, കഥാ ആവിഷ്ക്കാരങ്ങളും,
നുറുങ്ങു കവിതകളും ഈ ഡിജിറ്റൽ മാഗസിനെ
മനോഹരവും ഈടുറ്റതുമാക്കുന്നു.അവരുടെ സൃഷ്ടിയിലൂടെ കലയും സാഹിത്യവും, മഴയും
പുഴയും, പ്രകൃതിയുംഅർഹിക്കുന്ന പ്രാധാന്യത്തോടെ
ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.....നയിച്ചവർക്കും ആലേഖനം ചെയ്തവർക്കും
ആശംസകളുടെയും അഭിനന്ദനങ്ങളുടെയും നറു മംഗളങ്ങൾ....



# ആശംസ

## Our Headmistress

Smt.Mercy Michael



വിദ്യാഭ്യാസ പ്രക്രിയ സങ്കല്പത്തിലും പ്രയോഗത്തിലും ഒട്ടേറെ പരിഷ്കാര പരിണാമങ്ങൾക്ക് വിധേയമാകുന്ന കാലഘട്ടമാണിത് . അതിൻറെ വൈവിധ്യമാർന്ന വിനിമയ രീതികൾ നമുക്ക് മുന്നിൽ തുറന്നിടുന്ന സാധ്യതകൾ ആകട്ടെഅപരിമേയവും. വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിശേഷിച്ചും അതിന്റെ രീതിശാസ്ത്രം നിർണായകമത്രേ. ഏതു കാര്യവും സാർത്ഥകമായ ലക്ഷ്യപ്രാപ്തിയിലെത്തുന്നത്, അതിന്റെ സ്വാഭാവികവും സുഗമവുമായ രീതിശാസ്ത്രത്തിലൂടെ ആണല്ലോ. വിദ്യാർത്ഥി എന്തു പഠിക്കുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് എങ്ങനെ പഠിക്കുന്നു എന്നത്. ആധുനിക സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിന്റെ പുതിയ വാതായനങ്ങൾ തുറന്നിടുന്നു .

30 വർഷങ്ങൾക്ക് മുമ്പ് വിവരങ്ങൾ പുസ്തകങ്ങളിൽനിന്നും നിന്നും എൻസൈക്ലോപീഡിയ തുടങ്ങിയവയിൽ നിന്നുമാണ് ലഭിച്ചിരുന്നെങ്കിൽ, ഇപ്പോഴാകട്ടെ ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ നിമിഷങ്ങൾക്കുള്ളിൽ വിരൽതുമ്പിൽ എത്തുന്നു . ഇന്നത്തെ കുട്ടികളെ ഇന്നലത്തെ രീതിയിൽ പഠിപ്പിച്ചാൽ അവരുടെ നാളകളെ നമ്മൾ അപഹരിക്കുകയാകും ചെയ്യുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഡിജിറ്റലൈസായില്ലെങ്കിൽ നിലനിൽപ്പില്ലാതാകുന്ന കാലമാണ് നമുക്ക് മുന്നിലുള്ളത്. ഡിജിറ്റലൈസേഷൻ എന്നതുകൊണ്ട് ക്ലാസ്സുറികളിൽ ഉപകരണങ്ങളും സാങ്കേതികവിദ്യയും കുത്തിനിറയ്ക്കുക എന്നല്ല ഉദ്ദേശിക്കുന്നത്.സാങ്കേതികവിദ്യ ഉൾചേർത്തുകൊണ്ടുള്ള ദൈനംദിന പ്രവർത്തനങ്ങൾ ആയിരിക്കണം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടക്കേണ്ടത് .

അറിവിന്റെ സമൃദ്ധി നൽകുന്നതിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും നാല് പതിറ്റാണ്ടുകളായി മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയംപുതിയ സാധ്യതകൾ ഉപയോഗിച്ച്ഒരു ചുവടുകൂടി മുന്നോട്ട് വെച്ചിരിക്കുകയാണ്.സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ കഴിഞ്ഞതിൽ സന്തോഷവും അഭിമാനവുമുണ്ട് . കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ നല്ലൊരു പ്രദർശനവേദിയാണ് ലിറ്റില് കൈറ്റ്സ് ഒരുക്കിയിരിക്കുന്നത്.ഇവർക്ക് ഊർജം നല്കുന്ന ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സിന് എല്ലാ പിന്തുണയും നല്കുന്നതോടൊപ്പം ഈ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

# മുഖമൊഴി

ആത്മസാക്ഷാത്കാരം മനസ്സിന്റെ ആത്യന്തികആവശ്യങ്ങളിലൊന്നാണ്. നമ്മൾ ക്രിയാത്മകമായി നിലനിൽക്കുന്നു എന്നതിന്റെ ജീവനുള്ള തെളിവാണ്. ഒരു പൂവ് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമാകുന്നത് അതിന്റെ തികച്ചും വ്യതിരിക്തമായ നിറവും മണവും സമൂഹത്തിനു മുമ്പിൽ അവതരിപ്പിച്ചാണ്. അതുപോലെ ആത്മ പ്രകാശത്തിന്റെ മുഴുവൻ സാധ്യതകളും വിജയകരമായി പരീക്ഷിച്ച്, ആവിഷ്കരിച്ച് തന്റെ സജീവ സാന്നിദ്ധ്യം വിളിച്ചു പറയുന്നവനാണ് മനുഷ്യൻ. കലാകായിക പ്രകടനങ്ങളും ശാസ്ത്ര ചിന്തകളും, അനുദിന ജീവിതത്തിന്റെ ക്രയവിക്രയങ്ങളുമെല്ലാം സർഗവാസനകളുടെ കൗതുകസൃഷ്ടികൾ മാത്രമാണ്. ഇത് സാംസ്കാരിക വളർച്ചയുടെ പ്രഘോഷങ്ങളാണ്. മനുഷ്യൻ തന്റെ സംസ്കാര,സഞ്ചാര പഥങ്ങളിലെല്ലാം ഇത്തരം വിളിച്ചുപറയൽ നടത്തിയിട്ടുണ്ട്. അജന്താ ഗുഹകളിലും എന്തിനേറെ വയനാടിന്റെ എടക്കൽ ഗുഹാന്തരങ്ങളിലും നമ്മൾ കേൾക്കുന്നത് ആത്മ സാക്ഷാത്കരത്തിന്റെ നിശബ്ദധ്വനികളാണ്.

വികാരങ്ങളെ ആവിഷ്കരിക്കുന്നതിനും അത് ചിരകാലം സൂക്ഷിച്ച് വയ്ക്കുന്നതിനും ആധുനികസാങ്കേതികവിദ്യകൾ നൽകുന്ന പങ്ക് വലുതാണ്.സർഗ്ഗഭാവങ്ങൾക്ക് ചിറകു നൽകി അതിനെ പ്രാപഞ്ചികമാക്കുന്നതിൽ ഐടി വഹിക്കുന്ന പങ്ക് അനല്പമാണ്.മാറുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ അടുത്തറിഞ്ഞ് സാങ്കേതിക വിദ്യയുടെ സഹായത്താൽ ക്രിയാത്മതകളുടെ വളർത്തിയെടുക്കാൻ നമ്മൾ പരിശീലിക്കണം. സൃഷ്ടിവൈഭവങ്ങൾ മെരുക്കിയെടുത്ത് ഉപയോഗിച്ച് പഠിക്കണം. അത്തരമൊരു പരിശ്രമമാണ് ഇവിടെ ഞങ്ങൾ നടത്തിയിരിക്കുന്നത്. ഈ സ്കൂളിലെ കുട്ടികളുടെയും അദ്ധ്യാപകരുടെയും ചിന്തകളുടെ നിറം പിടിച്ച ആവിഷ്കാരമാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയിരിക്കുന്നത്. കൈറ്റിന്റെ പിൻബലം കാലോചിതമായ ഉൾക്കരുത്താണ് ഞങ്ങൾക്ക് നൽകുന്നത്. ഇത് ഏവർക്കും ഹൃദ്യമായ വിരുന്നൊരുക്കും എന്ന് തീർച്ച. ചിത്രങ്ഹൾക്ക് ചുവരു നൽകുന്ന ഒരു നല്ല  സ്കൂളാണ് ഞങ്ങളുടേത് എന്ന സന്തോഷം പങ്കുവയ്ക്കുന്നു.ഞങ്ങളുടെ വസന്തലോകത്തിലേക്ക് ഏവർക്കും സ്നേഹപൂർവ്വം സ്വാഗതം.

ബിനു ജോസ്, ചീഫ്_എഡിറ്റർ



കണ്ണീരോടെ വിട...
ഷാഹുൽ മുഹമ്മദ്


NRC INDIA
National Robotics Championship - 2020
INDIA'S LARGEST NATIONAL ROBOTICS CHAMPIONSHIP
little KITEs
മുംബൈ IIT യിൽ വച്ച് 2020 ജനുവരി 11, 12 തീയതികളിൽ
നടക്കുന്ന National Robotics Championship Grand
Final Round ലേക്ക് തെരഞ്ഞെടുക്കപ്പെട്ട
അബിജിത്ത് സെബാസ്റ്റ്യന്
അഭിനന്ദനങ്ങൾ
LITTLE KITES
ST. JOSEPH'S H.S. PULLURAMPARA

# വിദ്യാലയത്തിൻ വെളിച്ചം

അതുല്യ ജയകുമാർ

9-B



**അറിവിന്നൊരക്ഷരമലരായ്മാറുന്നൊ-**
**രധ്യാപകർ തൻ മലർപൊയ്കകൾ**
**പിഞ്ചുബാല്യത്തിന്റെ തുമൊഴിയാകുന്ന**
**വിദ്യാർത്ഥികൾ തൻ മലർവാടികൾ**

**അധ്യാപകർ തൻ നിഴലാൽചൊരിഞ്ഞിടും**
**വിദ്യതൻ വിദ്യാലയ വെളിച്ചം**
**പിഞ്ചുബാല്യത്തിന്റെ പൂമാതുപൂണുന്ന**
**വിദ്യതന്നധ്യാപകർക്കു തുല്യം**

**അറിവിന്റെ പൂങ്കാവനത്തിൽ വിരിയുന്ന**
**ഒരു പുഷ്പമാണെന്നധ്യാപകർ**
**അറിവിന്നൊരൈശ്വര്യ മലർമാലചാർത്തുന്ന**
**അധ്യാപകർ തൻ വെളിച്ചപാത**

**അറിവിന്റെ ദീപപ്രഭയാൽചൊരിയുന്ന**
**അറിവിൻ വിളക്കാണെന്നധ്യാപകർ**
**വിദ്യാലയത്തിന്നൊരങ്കണപൊയ്കയിൽ**
**അറിവിന്നിതളുകൾ വിരിയുന്നിതാ**

**വിദ്യാലയത്തിന്റെ വിദ്യയായ്മാറുന്ന**
**അധ്യാപകർതന്നാരാധ്യ വിദ്യ**
**അറിവിന്റെ പൂങ്കാവനത്തിൽ വിരിയുന്ന**
**ഒരു പുഷ്പമാണെന്റെ അധ്യാപകർ**

# പ്രളയാക്ഷരങ്ങൾ

ഷിയോൺ സെബാസ്റ്റ്യൻ


VIII-E

2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടിസ്വപ്നമായിരുന്നു.ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യ സ്നേഹികളുടെ ഉറക്കം കെടുത്തി.പ്രളയം ,ദുരിതം വിതച്ചെങ്കിലും കേരളീയന്റെ നവോത്ഥാന മനസ്സ് ഉണർന്നെണീറ്റുകൊണ്ട് ജീവരക്ഷയ്ക്കായി പ്രളയ ജലത്തിലേക്ക് ഇറങ്ങി. ജാതി- മത-രാഷ്ട്രീയ പരിഗണനകൾ ഒന്നുമില്ലാതെ രക്ഷാപ്രവർത്തകർ പ്രവർത്തിച്ചതുകൊണ്ടാണ് മരണസംഖ്യയും മറ്റും കുറയ്ക്കാൻ കഴിഞ്ഞത്.

അഞ്ഞൂറോളം പേരുടെ ജീവൻ നഷ്ടപ്പെട്ടു. 3,91,494 കുടുംബങ്ങളിൽ നിന്നായി 14,50,707 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട വിധം പ്രളയം രൂക്ഷമായി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും, ലോകമെമ്പാടുമുള്ള മലയാളികളും കേരളത്തിന്റെ രക്ഷയ്ക്കായി പണവും വസ്തുവകകളും ഇങ്ങോട്ട് എത്തിച്ചു.

മനുഷ്യസ്നേഹം നിറയുന്ന എല്ലാ മനസ്സുകളും ഈ ഉയിർത്തെഴുന്നേൽപ്പിൽ പങ്കാളികളാകേണ്ടത് അനിവാര്യമായ ധർമ്മമാണ്.



# <u>പ്രകൃതി സൗന്ദര്യം</u>

ജിയ മനോജ്
VIII-E

ആകാശം പോലെ വിരിഞ്ഞു നിൽക്കുന്ന പച്ച പുൽ മേടുകളും, സൂര്യ കിരണങ്ങളായി മിന്നിത്തിളങ്ങുന്ന മലകളും,മരങ്ങളും, കാടുകളും. സൗന്ദര്യത്തെ ലഹരിയായി മാറ്റുന്ന ചിത്രശലഭം പോലെ മനോഹരിയാണ് പ്രകൃതി . ദൈവം തന്ന സമ്മാനമാണ് പ്രകൃതി.പ്രകൃതിയിലെ ദാനങ്ങളാണ് നാം ഓരോരുത്തരും പിന്നെ മൃഗങ്ങളും,പക്ഷികളും.പ്രകൃതിയെ സ്നേഹിക്കുക.പ്രകൃതി നമ്മുടെ വരദാനമാണ്.പ്രകൃതി ലോകത്തെ മനോഹരമാക്കുന്നു.പ്രകൃതി അമ്മയാണ്.ആ അമ്മയെ സ്നേഹിക്കുക.കിളികളുടെ ചിലപ്പ് ഇന്നും പ്രകൃതിയിൽ തങ്ങി നിൽക്കുന്നു.അതു പ്രകൃതിയെ മനോഹരമാക്കുന്നു.



# കടലിൻനടുവിലെ കറുത്തസ്വർഗ്ഗം

ആൽഫ്രഡ് കെ അപ്പച്ചൻ
IX E

ഓസ്ട്രേലിയൻ തീരത്തുനിന്ന് 1300 km അകലെയാണ് നോർഫോക്ക് എന്ന ദ്വീപ്. അതിമനോഹരമായ ഭൂപ്രകൃതിയാണവിടെ. പാറക്കെട്ടുകളും പുൽമേടുകളും പുരാതനമായ കെട്ടിടങ്ങളുമെല്ലാം ചേർന്ന് മറ്റെങ്ങുമില്ലാത്ത തരത്തിൽ ദ്വീപിനെ മനോഹരമാക്കുന്നു. ഒരിക്കൽ ദ്വീപിലെത്തിയ പീറ്റർ രാത്രി ഒറ്റയ്ക്ക് നടക്കാൻ ഇറങ്ങി. കടൽതീരത്ത് നല്ല നിലാവ്. പെട്ടന്ന് പീറ്റർ നിഴൽ പോലൊരു രൂപം കണ്ടു. പരുക്കൻ മുഖം. വസ്ത്രധാരണ രീതിയെല്ലാം നൂറ്റാണ്ടുകൾ പഴക്കമുള്ളത്. കൈകളിലും കാലുകളിലും ചങ്ങലയിട്ട പാടുകൾ. അധികം കഴിയുംമുമ്പ് അല ഞ്ഞില്ലാതായതുപോലെ ആ രൂപം അപ്രത്യക്ഷമായി. പീറ്റർ തന്റെ അനുഭവം ദ്വീപിലെ താമസക്കാരോട് പറഞ്ഞു. അവൻ പറഞ്ഞ ആ കഥകൾ അമ്പരിപ്പിക്കുന്നതായിരുന്നു. ദ്വീപിലെ താമസക്കാരിൽ പകുതിയും നൂറ്റാണ്ടുകൾ മുമ്പുള്ള ഇത്തരം മനുഷ്യരെ കാണാറുണ്ടത്രെ. പണ്ട് നോർ ഫോക്ക് ദ്വീപ് ഒരു തടവറയായിരുന്നു. കൊടുംകുറ്റവാളികളേയും മാറാരോഗങ്ങൾ ബാധിച്ചിരുന്നവരേയും മാനസികനില തെറ്റിയവരേയും ആ ദ്വീപിലേക്കായിരുന്നു നാടുകടത്തിയിരുന്നത്. പിന്നീട് മരണംവരെ അവർ അവിടെ കഴിയും. അങ്ങനെ മരിച്ചുപോയ ആളുകളുടെ പ്രേതങ്ങളാണത്രെ ഇന്നും ദ്വീപിലലയുന്നത്. ചില രാത്രികളിൽ അലറിക്കരച്ചിലുകൾ ദ്വീപിൽ കേൾക്കാമത്രെ. ഇത് കേട്ട് പീറ്റർ രാവിലെ തന്നെ സ്ഥലംവിട്ടു..........



കഥ

# എന്റെ ഭാഷ

അനൽ തോമസ്
9E
കവിത

തേനിന്റെ മധുമുള്ള മലയാളമേ
നിന്റെ അക്ഷരങ്ങൾ നാവിലലിയു-
ന്നൊരോർമ്മയായ് ചന്ദനപ്പൂ-
മണം വീശും കാറ്റിനും
മധുവേകുവാനായ് ചാരേ നീ
വന്നിട്ട എന്നുടെ അച്ഛനുമമ്മ-
യുമായി നീ മാറിട്ട എൻ
ഉള്ളിന്റെ ദീപമായ് കത്തിജ്ജ്വ-
ലിച്ചിട്ട അമ്മതൻ സ്നേഹം
വാൽസല്യവും പിന്നെ അമ്മുഖ-
ത്തുള്ളൊരാ പുഞ്ചിരിയും
എന്നുടെ അമ്മയാണമ്മാതൃഭാഷ
*എന്നുടെ സ്വന്തമാം മാതൃഭാഷ.*



# സ്നേഹക്കരം നീട്ടി


സാവിയോ ബിജു
VIII E

കഥ

ഇരുട്ടസ്തമിച്ചു.വെളിച്ചംവഹിച്ചുകൊണ്ട് കുയിലിന്റെ ഗാനത്തിനുശേഷം വിണ്ണിൽ പ്രകാശമായി വന്നസൂര്യകിരണങ്ങൾ.അവ അപ്പുവിന്റെ മുറി പ്രകാശമാക്കുന്നു.ആ വെളിച്ചം അവനെ മാടി വിളിച്ചുണർത്തുന്നു.

എഴുന്നേറ്റ് കണ്ണുകളടച്ച് പ്രാർത്ഥിച്ച ശേഷം കുളിച്ച് ഭക്ഷണം കഴിച്ച് പൊതിച്ചോറും കൈയ്യിലേന്തി അവൻ സ്ക്കൂളിലേക്കുള്ള യാത്ര ആരംഭിച്ചു.വഴിമദ്ധ്യേ ഒരു അമ്മയേയും കുഞ്ഞിനെയും വിശന്നുവലയുന്നതായി അവൻ കണ്ടു. അവരുടെ സങ്കടം കണ്ട് അലിവ് തോന്നി തന്റെ കൈയ്യിലുണ്ടായിരുന്ന പൊതിച്ചോറ് അവർക്ക് നൽകി.


അത് ലഭിച്ചപ്പോൾ ആ അമ്മക്കുണ്ടായ സ്നേഹവും നന്ദിയും അവന് ഏറെ സന്തോഷം ഉണർത്തി. ഇവയെല്ലാം അപ്പുവിന്റെ അദ്ധ്യാപിക കാണുന്നുണ്ടായിരുന്നു. അവൻ അതിവേഗം സ്ക്കൂളിലേക്ക് ഓടിച്ചെന്നു.സ്ക്കൂളിൽ വച്ച് ക്ലാസ്സിൽ
എല്ലാ കുട്ടികളുടെയും സമക്ഷം അപ്പുവിനെ വിളിച്ച് അവൻ ചെയ്ത നല്ല പ്രവർത്തി പറഞ്ഞ് അഭിനന്ദിച്ചു. കുട്ടികളുടെ  കൈയ്യടിക്ക് ശേഷം ടീച്ചർ പറഞ്ഞു: നാം ഇതുപോലുള്ള നല്ല പ്രവർത്തികൾ ചെയ്യുമ്പോൾ ഈശ്വരനു ചെയ്തു കൊടുക്കുന്നതിന് തുല്യമാണെന്നും അതിന്റെ പ്രതിഫലം വലുതാണെന്നും അത് നമ്മുടെ അപ്പുവിന് ലഭിക്കുമെന്നും ടീച്ചർ പറഞ്ഞു.അവന് ഏറെ സന്തോഷം ലഭിച്ചു.



# സന്ധ്യ

അനൽ തോമസ്

താമരപ്പൂക്കൾ വിരിഞ്ഞുനിന്നിടുന്നൊരു
താമരപ്പൂക്കുളത്തിൽകുളിച്ച്
സിന്ദൂരവും നല്ല ചെമ്പട്ടുമുടുത്തവൾ
മെല്ലെ മെല്ലെതാണമാഞ്ഞിടുന്നു.
പക്ഷികൾ തന്നുടെ
സ്വാതന്ത്ര്യമെന്തെന്നു കാട്ടുവാനായ്
പടിഞ്ഞാറ്പായുന്നു
പെട്ടെന്നു വാനം മുഖം കറുപ്പിക്കുന്നു
താരങ്ങളൊക്കയും മിന്നിത്തുടങ്ങുന്നു
അമ്പിളി മാനത്ത്
പുഞ്ചിരിക്കുന്നു



# വായനാലോകത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

അഞ്ജന ജോൺ

ഉപന്യാസം

വായന അറിവിന്റെ മാഹാസാഗരത്തെയാണ് സൃഷ്ടിക്കുന്നത് മൗലികമായി ചിന്തിക്കാനും സ്വന്തമായി നിഗമനത്തിൽ എത്താനും സാഹചര്യങ്ങൾ ശരിയായി വിലയിരുത്താനും വായന നമ്മെ സഹായിക്കുന്നു . എഴുത്തു പഠിച്ച കരുത്തു നേടുക എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ..



കേരളത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് തുടക്കിട്ട് വായിച്ച് വളരു ചിന്തിച്ച് വിവേകം നേടു എന്ന സന്ദേശം നമ്മളിലോരോരുത്തരിലേയ്ക്കും പകർന്നു തന്ന പി എൻ പണിക്കരുടെ ചരമദിനമാണ് വായനാദിനമായി ആചരിക്കുന്നത് 1996 – മുതലാണ് വായനാദിനം ആചരിച്ചു തുടങ്ങിയത്.

മലയാളിയെ വായനയിലേക്ക് കൈപിടിച്ച് ഉയർത്തിയ വ്യക്തി എന്ന നിലയിൽ അദ്ദേഹം ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു

വായനയിലൂടെ മാത്രമേ നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ

കഴിയു എന്ന മനസ്സിലാക്കിയ പി എൻ പണിക്കർ കൂട്ടുക്കാരോടൊപ്പം വീടുകൾതോറും നടന്ന് പുസ്തകങ്ങൾ ശേഖരിച്ച് വായനശാലകൾ സ്ഥപിച്ചു.
കേരളത്തിൽ ഉടനീളമുള്ള ഗ്രന്ഥശാലകളെ ഒരു ചരടിൽ കോർത്ത് വായനാ വിപ്ലവത്തിന് തിരികൊളുത്തി. ജനങ്ങളിൽ വായനാശീലം വളർത്താൻ വായനശാലകൾ സ്ഥാപിച്ചു. വായനശാലകളെ ഗ്രന്ഥങ്ങളുടെ ശേഖരമാക്കുക ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു പി എൻ പണിക്കരുടെ സംസ്കാരിക പ്രവർത്തനങ്ങളത്രയും സമാനതകളില്ലാതെ ചരിത്രത്തിൽ സുവർണ ലിപികളാൽ ക്രമപ്പെടുത്തിയ സംസ്കാരിക മുന്നേറ്റം .

വായനക്കും എഴുത്തിനുമായി മുൻ തലമുറ സമയം നീക്കിവെച്ചു . എന്നാൽ ഇന്ന് കാലം മാറി പുസ്തകങ്ങളുടെ പ്രാധാന്യം കുറഞ്ഞ് മെല്ലെ മെല്ലെ അപ്രത്യക്ഷമാകാൻ തുടങ്ങി.വായനാശാലകൾ ചീട്ടുകളിയുടെയും മറ്റു വിനോദങ്ങളുടെയും കേന്ദ്രമായി. ലാപ്ടോപ്പും മൊബൈൽ ഫോണും കമ്പ്യൂട്ടറും ഇഷ്ട് പ്പെട്ട പുതുതലമുറ വായനയെ പാടെ മറന്നു .

ഏത് പുസ്തകങ്ങളാണ് ഇപ്പോൾ വായിക്കുന്നത് എന്ന് ചോദിച്ചാൽ..പ്രിയപ്പെട്ട കൂട്ടുകാരെ, നമുക്ക് മറുപടി പറയാൻ ഒന്നല്ല ഒരായിരം പുസ്തകങ്ങൾ നമ്മുടെ ഒർമ്മയിൽ എത്തട്ടെ . അതിനായി നമ്മുക്ക് വായിക്കാം വായിച്ചു വളരാം.



# മനസ്സിലെ മായാത്ത ഓർമ്മകൾ

ലിസ്ബത്ത് ബെന്നി

**8-E**

കവിത

മറക്കുന്നതല്ല മായാത്തതല്ല
മനസ്സിലെ തേന്നൂറുമെൻ ഓർമ്മകൾ
കുട്ടിക്കാലത്തെ ഓർമ്മകൾ എന്നും
മനസ്സിൽ കുടിക്കൊള്ളും

തറവാട്ടുമുറ്റത്തെ ഉഞ്ഞാലിൽ
ആടുമ്പോൾ തോന്നുന്ന
ആയിരം ഓർമകൾ
മനസ്സിൽ ഓടിക്കളിക്കുന്നു



# BEAUTIFUL NATURE

**JESVIN JOJU**
**IX D**

*Sunny day a beautiful day,*
*Shinning sun is there at sky,*
*Singing birds are beautiful,*
*Makes the morning wonderful,*
*Trees are dancing in the wind,*
*Which gives us a beautiful mind,*
*lovely smile blooms on flowers,*
*Seems to be shining stars.*
*Flowing rivers is a beautiful scene,*
*Tries to change our expression.*
*A day full of happiness,*
*Is with the nature.*
*Nature is the precious gift,*
*given by the god..........*

# My friend

Mariya Theresa

**I and my friend**
**I love my friend**
**I have so many friends**
**We played together**

**We made merry**
**I love my friends……**
**We forgot the pain**
**We enjoyed the rain**

**We played ….  played and played….**
**They are always in my heart…**
**But I missed my friends…**
**I love my friend….**



# My Unspoken Words

-Anamika mohan
IX C



I am a girl spelled as G-I-R-L , that stands for goddess , innocence , respect and love . But who cares what it actually means ?

Ain't I beautiful ? , Ain't I alluring ? But wait ....

She is not just an example of never ending duties.... From being a baby girl to become a teenager round and round her life swirled...

Many times she was judged for being brown , fat , for being short , for doing what she liked , for wearing what she loved.... The society's thinking has not yet moved abroad...

And yes every humans has certain problems and your "EWW" expressions is not what she needs .

All she needs is respect for her existence . Its high time to use your brain and put her in a dignified frame. She is in the society of predators, had faced evil teasing , discrimination , body shaming and what not . Those dirty eyes which evilly chased her who were the muscular devils or so called as humans which

stands for “Morally educative native”. The hands are not just for cooking its to conquer the world .

She can be a charming flower but can also be a dangerous cactus tree at the same time if you harm her, she can be laxmi , can be your saraswati and definitely not afraid of becoming durga.

Don’t blame how she is , blame your dirty eyes . Its her choice to wear shorts or the so called Burka . She is elegant because her flaws are god’s art and she is his creation .

But dear society now she really feels pity for you all ..

It’s because no one really cares .

But you are here to cut her wings .

Which are thirsty of flying.

But still she is a girl .

She will fly with her bleeding wings.


Now please! Stop this torture on her .

She want’s to rise , I want to rise , Every girl want to rise , Every women want to rise , Every mother want to rise , Everyone want to rise…

Don’t underestimate her passion and the storm hidden within her.

And if you will .

Then start preparing for the world where women conquest ..



# STREAM

BY, ANUGRAHA

I'm a small stream,
flows from a big and small mountains,
fresh and crystal,
moves through bushes and tree
I go slow, I go fast,
I quench the thirst,
I flow round and round,
Aiming my goal,
I met many on my way,
Some are friendly,
Some are enemy,
I'm always your friend,
Don't ever pollute me!.
I'm you, you are me,
Don't ever pollute me!......



# സുഖം സുഖം

റോസിൻ ഷാജു

ഒരചരനമ്മയ്ക്കു പിറന്നമക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം
നാഥന്റെ മുറ്റത്തു വിളഞ്ഞിടുന്ന
നന്മുന്തിരിക്കൊത്തു മനുഷ്യവർഗം

ഇനന്റെ ചെന്തീക്കതിർമാരി നിത്യ-
മിടംപെട്ടും തൻ തലക്കൊണ്ടുതാങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നിൽപ്പൂ



# ചിത്രജാലകം

കാർത്തിക് സുരേഷ്





ഹൃദ്യ അരുൺ







# ഡെന്നിസ് സന്തോഷ്







കാർത്തിക സുരേഷ്





# "ഉപ്പുസത്യഗ്രഹം മുതൽ ജീവന്റെ കണ്ണീരിലെ ഉപ്പുരസത്തിലൂടെ....."

sanchal benny
IX-C



ഉപ്പുസത്യാഗ്രഹംകൊണ്ട് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രകുതിച്ച ഭാരതം......ഇന്നായിരിക്കുന്ന അവസ്ഥ കാണുമ്പോൾ.... "ഇന്ത്യ എന്റെ രാജ്യമല്ല....." "........കേഴുക പ്രിയനാടേ"എന്നൊക്കെ പേരിടാനാണ് തോന്നിയതെങ്കിലും.......ഉള്ളിലിരുന്നുകൊണ്ട് ഒരു മുഖം അതിനനുവദിക്കുന്നില്ല."എല്ലാം നന്നായിവരുമെന്ന് പ്രതീക്ഷയുണ്ട് " പോലും.....അങ്ങനെയെങ്കിൽ ആ മുഖത്തിന്റെ പ്രഭാവം ഇന്നത്തെ ഇന്ത്യയിൽ...., ഏതൊക്കെ തലങ്ങളിൽ......എന്നതിനെ ആധാരമാക്കിതന്നെ അങ്കം കുറിക്കുകയാണ്.......

സൂര്യനസ്തമിക്കാത്ത സാമ്രാജ്യമാണെന്ന് വീമ്പ്

പറഞ്ഞ് നടന്ന ബ്രിട്ടീഷുകാരന്റെ മുഷ്കിനെ അഹിംസാവ്രതത്തിലൂടെ വിറപ്പിച്ച
രാഷ്ട്രപിതാവ് ജീവൻ കൊണ്ടല്ലെങ്കിലും ജീവിതം കൊണ്ട് ഇന്നും നമുക്കിടയിൽ;
നമ്മളിലൊരാളായി അരങ്ങുതകർക്കുകയാണ് !!!
എന്താണ് ഗാന്ധിസം ഈനാളുകളിൽ.....? എങ്ങനെയാണ് ഗാന്ധിസം ഇന്നിന്റെ മക്കൾക്ക്
വെല്ലുവിളിയായി മാറുക! സാമൂഹിക ജനാധിപത്യ തലങ്ങളിൽ എന്താണിതിന്റെ
പ്രഭാവം.....അടിമത്തത്തിന്റെയും
അടിച്ചമർത്തലിന്റെയും പഴമയിൽനിന്നും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെ
ഇന്നിലേക്കും വരാനിരിക്കുന്ന ഭാവിയിലേക്കും നിത്യഹരിത വിപ്ലവനേട്ടങ്ങൾകൊണ്ട് മുൻ
പേ പായുകയാണ് ഗാന്ധി.......
അതുകൊണ്ടായിരിക്കണം പേരിനും മുൻപേ "മഹാത്മാ" എന്നൊരു
വിശേഷണവും......സ്വതന്ത്ര്യത്തിനുവേണ്ടി കൊതിച്ച ഈ രാജ്യത്തിന് അഹിംസ എന്ന
അയുധംകൊണ്ട് ഇന്നിന്റെ ദൃഢതയിലേക്ക്,കൊണ്ടുവരാൻ,കഴിഞ്ഞിടത്താണ്,
അദ്ദേഹം,'ബാപ്പുജി'
യും ആകുന്നത്.എന്നാൽ ഈ നൂറ്റാണ്ടിൽ ജീവിതത്തിന്റെ ഇരുപുറവും
'റെഡിമെയ്ഡ്'ആവുകയാണ്. ഇത്തരമൊരു മനുഷ്യൻ ജീവിച്ചു മരിച്ച
ഭാരതമല്ല ഇത്''എന്നു പറയാനാണ് പലപ്പോഴും തോന്നുക എങ്കിലും
അടക്കിപ്പിടിക്കുകയാണ്.......അതിനേ അനുവദിക്കുന്നുള്ളൂ......
എന്തെന്നാൽ മനസ്സിലിപ്പോഴും പല്ലില്ലാത്ത ആ.. മഹാമനുഷ്യന്റെ.. മുഖമാണ്.സിരകളിൽ
ആ ആശയങ്ങളാണ്.....ആദർശങ്ങളാണ്....... സത്യം നീതി, സ്ത്രീപുരുഷസമത്വം,
എല്ലാവർക്കും വിദ്യാഭ്യാസം, സമഭാവന, തുടങ്ങിയവ... നോട്ടപ്പുരുത്തുകളായി
ജനാലക്കപ്പുറത്ത് വട്ടമിടുകയാണ്. ഇവിടെയാണു.......
മറ്റൊരു ഗാന്ധി ജനിക്കേണ്ടതിന്റെ ആവിശ്യകത ഉദ്ദൃഢതയിലേക്ക് കൊണ്ടുവരാ
ൻ കഴിഞ്ഞിടത്താണ് അദ്ദേഹം 'ബാപ്പുജി'
യും ആകുന്നത്.എന്നാൽ ഈ നൂറ്റാണ്ടിൽ ജീവിതത്തിന്റെ ഇരുപുറവും
'റെഡിമെയ്ഡ്'ആവുകയാണ്. ഇത്തരമൊരു മനുഷ്യൻ ജീവിച്ചു മരിച്ച
ഭാരതമല്ല ഇത്''എന്നു പറയാനാണ് പലപ്പോഴും തോന്നുക എങ്കിലും
അടക്കിപ്പിടിക്കുകയാണ്.......അതിനേ അനുവദിക്കുന്നുള്ളൂ......
എന്തെന്നാൽ മനസ്സിലിപ്പോഴും പല്ലില്ലാത്ത ആ.. മഹാമനുഷ്യന്റെ..
മുഖമാണ്.സിരകളിൽ ആ ആശയങ്ങളാണ്.....ആദർശങ്ങളാണ്....... സത്യം നീതി,
സ്ത്രീപുരുഷസമത്വം, എല്ലാവർക്കും വിദ്യാഭ്യാസം, സമഭാവന, തുടങ്ങിയവ...
നോട്ടപ്പുരുത്തുകളായി ജനാലക്കപ്പുറത്ത് വട്ടമിടുകയാണ്. ഇവിടെയാണു.......
മറ്റൊരു ഗാന്ധി ജനിക്കേണ്ടതിന്റെ ആവിശ്യകത ഉയരുക........!

ശിഖരങ്ങൾ ഉയരങ്ങളെത്തുന്നതോടൊപ്പം
വേരുകൾ ആഴങ്ങളും അറിയേണ്ടതുണ്ട്.വികസ്വര രാജ്യത്തിൽനിന്നും..
വികസിത രാജ്യത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ പലപ്പോഴും..
മറന്നു പോകുന്നൊരു കാര്യമുണ്ട്......യഥാർത്ഥ ഇന്ത്യ ചേരികളിലാണെന്ന്...അവിടെയുള്ളവരും മനുഷ്യരാണെന്ന്. ഇതു തിരിച്ചറിയുന്നിടത്ത് മാത്രമേ,
ഏതൊരു ഭാരതീയനേയും സംബന്ധിച്ച് അവന്റെ മനസ്സിൽ 'വികസിതയും സ്വതന്ത്ര്യയും ആയ ഇന്ത്യ' എന്ന ആശയം കയറിപറ്റുകയുള്ളൂ...............ഇത് 'മൻ കി ബാത്' മധുരമൊഴികൾക്കപ്പുറത്താണെന്ന് ഭരണപക്ഷവും.....
ഉൾക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.......യരുക........!


ശിഖരങ്ങൾ ഉയരങ്ങളെത്തുന്നതോടൊപ്പം
വേരുകൾ ആഴങ്ങളും അറിയേണ്ടതുണ്ട്.വികസ്വര രാജ്യത്തിൽനിന്നും..
വികസിത രാജ്യത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ പലപ്പോഴും..
മറന്നു പോകുന്നൊരു കാര്യമുണ്ട്......യഥാർത്ഥ ഇന്ത്യ ചേരികളിലാണെന്ന്...അവിടെയുള്ളവരും മനുഷ്യരാണെന്ന്. ഇതു തിരിച്ചറിയുന്നിടത്ത് മാത്രമേ,
ഏതൊരു ഭാരതീയനേയും സംബന്ധിച്ച് അവന്റെ മനസ്സിൽ 'വികസിതയും സ്വതന്ത്ര്യയും ആയ ഇന്ത്യ' എന്ന ആശയം കയറിപറ്റുകയുള്ളൂ...............ഇത് 'മൻ കി ബാത്' മധുരമൊഴികൾക്കപ്പുറത്താണെന്ന് ഭരണപക്ഷവും.....
ഉൾക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.......

നേതൃത്വപടവത്തെ അറിവിന്റെ ആഴങ്ങളുടെ പര്യായവും സാഹിത്യസമാജത്തിന്റെ മകുടവുമായി മാറ്റുന്ന നേതാക്കന്മാരാണിന്നു നമുക്കുള്ളവരിൽ ചിലരെങ്കിലും. "മുമ്പല്ലുകൊണ്ടിറുക്കി അകമ്പല്ലുകൊണ്ടു ചിരിക്കുന്ന" ചില വിദഗ്ധരും കടന്നുകൂടിയിട്ടുണ്ട്. അന്നും ഇന്നും നേതാവിനു മാതൃക ഗാന്ധിജി തന്നെ. 'സാമൂഹിക സേവനം' എന്ന ബാനറിൽ അധ്വാനിക്കാതെ നടക്കുന്ന ഒരു പറ്റത്തിനോടും മനുഷ്യൻ പറഞ്ഞുവയ്ക്കുന്നുണ്ട്: "സാമൂഹിക സേവനം, സ്വാതന്ത്ര്യസമരനേതാവ് എന്ന വിശേഷണങ്ങളിലാറാടി ജീവിതം നീക്കാമായിരുന്നിട്ടും അദ്ദേഹം ജീവിതമാകുന്ന നൂൽ നൂറ്റത് ചർക്കയിലാണ്. അവിടെയാണ് "സ്വന്തം നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ചുട്ടത് ".പേരിനും പ്രശസ്തിക്കുംവേണ്ടി ഒന്നും തന്നെ അദ്ദേഹം ചെയ്തിട്ടില്ല. ചെയ്തതു മുഴുവൻ ഭാരതാംബയ്ക്കും മക്കൾക്കും വേണ്ടിയായിരുന്നു. അല്ലാത്ത പക്ഷം മികച്ച വക്കീലായി ദക്ഷിണാഫ്രിക്കയിൽതന്നെ അദ്ദേഹത്തിനു തുടരാമായിരുന്നു.
സ്വാതന്ത്ര്യസമരനേതാക്കന്മാർക്ക് ഒരിക്കലും ഒരു കുറവുണ്ടായില്ല. അടിമത്തത്തിൽ കഴി

ഞ്ഞപ്പോൾ ഭാരതത്തിന്...... എന്നാൽ 'സ്വാതന്ത്ര്യസമര ഇന്ത്യയുടെ പെരുന്തച്ചൻ' എന്ന വിശേഷണം ഗാന്ധിക്കു മാത്രം!!!

ശുചിത്വ ബന്ധിത 'സ്വച്ഛ് ഭാരത് ' പോലുള്ള നോക്കിക്കാണലുകൾക്കുപിന്നിലും നമ്മുടെ രാഷ്ട്രപിതാവുണ്ട്..... ഇന്ത്യയ്ക്കു പുറമേ പോലും സ്വീകാര്യനായ നേതാവായിരുന്നിട്ടു പോലും 'പൊതുശൗചാലയങ്ങളും പൊതുസ്ഥലങ്ങളും 'ശുചിയാക്കാൻ അദേഹം തെല്ലും മടികാണിച്ചില്ല. മറ്റുള്ളവരുടെ മുന്നിൽ തനിക്കൊരു കുറവാണ് എന്ന് ചിന്തിക്കുന്നതിനു പകരം 'ശുചിത്വം' എന്ന ആശയത്തിന് സ്വജീവിതത്തിലെ നിറഭേദങ്ങൾ ചാലിക്കുകയാണ് ആ മഹാത്മാവ് ചെയ്തത്.അത്തരത്തിൽ തന്റെ ജീവിതകാലയളവിൽ മറ്റുള്ളവർ ചെയ്യാൻ അറയ്ക്കുകയും മടിയ്ക്കുകയും ചെയ്ത കാര്യങ്ങൾ തെല്ലും മടി കൂടാതെ ചെയ്തുകാണിച്ചുകൊണ്ട് അവർക്കിടയിൽ ഒരു മാന്ത്രികനായി മാറാൻ കഴിഞ്ഞപ്പോഴാണ് ഉള്ളിലെ മാനവികത പൂർണ്ണഭാവത്തോടെ മറ്റുള്ളവരിലേക്കും പടരാൻ തുടങ്ങിയത് . ഒരു തോർത്തു മുണ്ടിൽ ശരീരം പാകപ്പെടുത്തിക്കൊണ്ട് നാനാത്വത്തിൽ ഏകത്വം നിറച്ചതിനാൽ "അർദ്ധനഗ്നനായ ഫക്കീർ" എന്നാണ് വിൻസ്റ്റന്റ് ചർച്ചിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

നേരോടെ.....നിർഭയം...നിരന്തരം നമ്മുക്ക് നീങ്ങാം.........



# നന്ദി

കലയുടെയും സാഹിത്യത്തിന്റെയും

വെള്ളിവെളിച്ചം വിതറുന്ന
സൃഷ്ടികൾക്കിടയിലേക്ക്
ഈ വിദ്യാലയത്തിലെ കുരുന്നുകളുടെ
വാക്കും വരയും ഒരു മിന്നാമിനുങ്ങിന്റെ
നുറുങ്ങുവെട്ടം പോലെ സമർപ്പിക്കുന്നു.
സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
മറ്റു വിദ്യാർത്ഥികൾക്കും ഉള്ള നന്ദി
വാക്കുകളിൽ ഒതുക്കാൻ വയ്യ.
പരിമിതമായ സാഹചര്യങ്ങളിൽ
ഒതുങ്ങി നിന്നു കൊണ്ടുള്ള ഈ
പരിശ്രമം കുട്ടികൾക്ക് എന്നും
ഒരു പ്രചോദനമാവട്ടെ....